**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** **17-03-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വ്യവസായ വികസനത്തിനും പൊതുവികസനത്തിനും തന്ത്രപ്രധാനവും അത്യന്താപേക്ഷിതവുമായ കൊച്ചിൻ റിഫൈനറി ഉൾപ്പെടുന്ന മഹാരത്ന സ്ഥാപനമായ ബി.പി.സി.എൽ. വിൽക്കാനുള്ള നീക്കത്തിൽ നിന്ന് സംസ്ഥാന താല്പര്യം പരിഗണിച്ച് പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയിൽ സവിശേഷ സാന്നിധ്യമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവത്ക്കരിക്കാതെ സംസ്ഥാനത്തിന് വിട്ടുനൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; സ്ഥാപനത്തിന്റെ വില്പനക്കുള്ള ലേലത്തിൽ | (ബി) | കേന്ദ്ര സർക്കാർ ഓഹരി വിറ്റഴിക്കാൻ തീരുമാനിച്ച എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനെ ഏറ്റെടുക്കാൻ കേരള സർക്കാർ തീരുമാനിക്കുകയും 11.02.2022 ലെ സ.ഉ(കൈ)നം.18/2022/ID ഉത്തരവിലൂടെ ലേല നടപടികളിൽ പങ്കെടുക്കാൻ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| | പങ്കെടുക്കാൻ സംസ്ഥാനം താൽപര്യപത്രം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | | ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകവേ ലേല നടപടികളിൽ കേരള സർക്കാരിന് പങ്കെടുക്കാൻ സാധിക്കില്ലെന്ന നിഷേധാർഹമായ തീരുമാനമാണ് കേന്ദ്രസർക്കാർ കൈക്കൊണ്ടത്. പ്രസ്തുത നിലപാടിനെതിരെ സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് 09.03.2022. ലെ മന്ത്രിസഭായോഗത്തിന്റെ തീരുമാനപ്രകാരം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിനുവേണ്ടി കെ.എസ്.ഐ.ഡി.സി താല്പര്യപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്ന കാര്യം കേരളം പരിഗണിക്കുകയും G.O.(Ms)No: 52/2018/ID dated 20.07.2018 പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി മൂല്യം ( Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇത് സംബന്ധിച്ച് പരസ്പര ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനില്ക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇത് സംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ